**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 26** | **07-10-2024 - ൽ മറുപടിയ്ക്ക്**

**സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് വിലക്കയറ്റം രൂക്ഷമാകുമെന്നതിനാൽ വിപണി ഇടപെടലിനായി സർക്കാരിൽ നിന്നും സപ്ലൈകോ പണം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്തു തുകയാണ് ഇപ്രകാരം അനുവദിച്ചത്; വ്യക്തമാക്കുമോ; | (എ) | ആവശ്യപ്പെട്ടിരുന്നു. പൊതുവിപണിയിലെ വില നിയന്ത്രിക്കുവാനും, ഓണക്കാലത്ത് സജീവമായി വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടത്തുവാനും, സബ്സിഡി ആനുകൂല്യങ്ങൾ എല്ലാ ജനങ്ങളിലേക്കും എത്തിക്കുവാനും 27/08/2024 തീയതിയിലെ സ.ഉ.(സാധാ) നം.273/2024/F&CS ഉത്തരവ് പ്രകാരം വിപണിയിടപെടൽ കുടിശ്ശിക ഇനത്തിൽ സപ്ലൈകോയ്ക്ക് 225 കോടി രൂപ അനുവദിച്ചിരുന്നു.<br><br>2024 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY കാർഡ് ഉടമകൾക്കും, വയനാട് ഉരുൾപൊട്ടലിനെ തുടർന്നുള്ള ദുരിത ബാധിത പ്രദേശങ്ങളിലെ എല്ലാ കാർഡുടമകൾക്കും, ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനായി 04/09/2024 ലെ സ.ഉ.(സാധാ) നം. 285/2024/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സപ്ലൈകോയ്ക്ക് 34.29 കോടി രൂപ അനുവദിച്ചിരുന്നു. |
| (ബി) | വിപണി ഇടപെടലിനായി പണം ലഭിച്ചതിനുശേഷം സപ്ലൈകോ അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സാധനങ്ങളുടെ വില എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ചില അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയും മറ്റ് ചില ഇനങ്ങളുടെ വില കുറയ്ക്കുകയും ചെയ്തു. വിവിധ കാരണങ്ങളാൽ സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്ന പശ്ചാത്തലത്തിൽ സപ്ലൈകോയുടെ പ്രവർത്തന പരിഷ്കരണത്തിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും, ടി സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 16/02/2024 തീയതിയിലെ സ.ഉ.(കൈ) നം. 3/2024/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. സബ്സിഡി വിലകൾ പൊതു വിപണി വിലകളുമായി വിശകലനം ചെയ്ത് സർക്കാർ |

| | | | |
|---|---|---|---|
| | | | അനുമതിയോടെ പുതുക്കി നിശ്ചയിക്കുവാൻ മേൽ ഉത്തരവ് പ്രകാരം സപ്ലൈകോയ്ക്ക് അനുമതി നൽകിയിരുന്നു.<br><br>31/08/24 തീയതിയിലെ സ.ഉ.(സാധാ) നം.282/2024/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചസാരയുടെയും മട്ട അരിയുടെയും സബ്സിഡി വിൽപ്പന വില കിലോ ഗ്രാമിന് 33/- രൂപയായി വർദ്ധിപ്പിച്ചു. 04/09/24 തീയതിയിലെ സ.ഉ.(സാധാ) നം.287/2024/ ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സബ്സിഡി വിൽപ്പന വില തുവരപ്പരിപ്പ് കിലോഗ്രാമിന് 115/- രൂപയായും കുറുവ അരി കിലോഗ്രാമിന് 33/- രൂപയായും വർദ്ധിപ്പിക്കുകയും ചെറുപയർ കിലോഗ്രാമിന് 90 രൂപയായി കുറയ്ക്കുകയും ചെയ്തു. പൊതു വിപണിയിൽ മുളകിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ 05/09/24 തീയതിയിലെ സ.ഉ.(സാധാ) നം. 290/2024/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുളകിന്റെ സബ്സിഡി വിൽപ്പന വില 500 ഗ്രാമിന് 73/- രൂപയാക്കി കുറച്ചും ഉത്തരവായിരുന്നു. ടി ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച സബ്സിഡി വിലകൾ അനുബന്ധമായി ചേർക്കുന്നു.<br><br>വിപണി ഇടപെടലിനായി 27/08/2024 തീയതിയിലെ സ.ഉ.(സാധാ) നം.273/2024/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 225 കോടി രൂപ അനുവദിച്ചതിനുശേഷം മേൽ പ്രതിപാദിച്ച പ്രകാരം ചില ഉത്പ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുകയും ചില ഉത്പ്പന്നങ്ങളുടെ വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിപണി ഇടപെടലിലൂടെ വില കുറയ്ക്കുന്നതിനായി സബ്സിഡി നൽകേണ്ടതിന് പകരം വില ഉയർത്തുന്ന നടപടി സ്വീകരിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | വിപണി ഇടപെടൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പൊതുവിപണിയേക്കാൾ ന്യായമായ വിലക്കുറവിൽ എല്ലാ ജനങ്ങൾക്കും അവശ്യ സാധനങ്ങൾ ലഭ്യമാക്കി പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ്. ഈ അടിസ്ഥാനത്തിൽ സബ്സിഡി വിലകൾ കാലാകാലങ്ങളിൽ പരിഷ്കരിച്ചുവരുന്ന രീതിയാണ് 2016 വരെ സപ്ലൈകോ തുടർന്ന് പോന്നത്. 13 അവശ്യവസ്തുക്കളുടെ സബ്സിഡി വില വർദ്ധിപ്പിക്കാതെ വില്പ്പന നടത്തുവാൻ 2016 -ൽ തീരുമാനിച്ച് തുടർന്നുള്ള വർഷങ്ങളിൽ അപ്രകാരം തുടർന്ന് പോരുകയായിരുന്നു. പൊതുവിപണിയിലെ വലിയ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ സുസ്ഥിരമായ വിപണി ഇടപെടൽ സംവിധാനം ശാശ്വതമായി വിപണി ഇടപെടൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പൊതുവിപണിയേക്കാൾ ന്യായമായ |

വിലക്കുറവിൽ എല്ലാ ജനങ്ങൾക്കും അവശ്യ സാധനങ്ങൾ ലഭ്യമാക്കി പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ്. ഈ അടിസ്ഥാനത്തിൽ സബ്സിഡി വിലകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിച്ചുവരുന്ന രീതിയാണ് 2016 വരെ സപ്ലൈകോ തുടർന്ന് പോന്നത്. 13 അവശ്യവസ്തുക്കളുടെ സബ്സിഡി വില വർദ്ധിപ്പിക്കാതെ വില്പ്പന നടത്തുവാൻ 2016 -ൽ തീരുമാനിച്ച് തുടർന്നുള്ള വർഷങ്ങളിൽ അപ്രകാരം തുടർന്ന് പോരുകയായിരുന്നു. പൊതുവിപണിയിലെ വലിയ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ സുസ്ഥിരമായ വിപണി ഇടപെടൽ സംവിധാനം ശാശ്വതമായി നിലനിർത്താൻ കഴിയുംവിധം ഗണ്യമായി സബ്സിഡി നിലനിർത്തിക്കൊണ്ട് തന്നെ വിലകൾ സർക്കാർ അനുമതിയോടെ പരിഷ്ക്കരിക്കുവാൻ സപ്ലൈകോയ്ക്ക് 16-02-2024-ലെ ഉത്തരവിലൂടെ അനുമതി നൽകുകയുമാണ് ചെയ്തത്. ഇത്തരത്തിൽ 25 % മുതൽ 35 % വരെ വിലക്കുറവിൽ വിപണി ഇടപെടൽ നടത്തുമ്പോൾ സപ്ലൈകോയുടെ വില്പ്പന വിലയും കാലാനുസൃതമായി മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. പൊതുവിപണിയിൽ വില കൂടുമ്പോൾ ആനുപാതികമായി വർദ്ധനവ് വരുത്തുകയും വില കുറയുമ്പോൾ ആനുപാതികമായി വിലകുറയ്ക്കുകയും ചെയ്യുന്ന സമീപനമാണ്, നിലവിൽ സപ്ലൈകോ സ്വീകരിച്ചുവരുന്നത്.

വിപണി ഇടപെടൽ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് സബ്സിഡി ആനുകൂല്യങ്ങൾ പരമാവധി ജനങ്ങളിലേയ്ക്ക് എത്തേണ്ടതുണ്ട്. സപ്ലൈകോയുടെ വിപണി ഇടപെടലിനായി നീക്കിവെച്ചിട്ടുള്ള തുകയ്ക്ക് വലിയ വിലക്കുറവിൽ കൂടുതൽ ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയില്ല. എന്നാൽ ന്യായമായ വിലക്കുറവിൽ (പൊതുവിപണിയേക്കാൾ 25% മുതൽ 35% വരെ വിലക്കുറവിൽ) നൽകുകയാണെങ്കിൽ കൂടുതൽ ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്. വലിയ വിലക്കുറവിൽ കുറച്ച് ഉപഭോക്താക്കൾക്ക് മാത്രം സബ്സിഡി സാധനങ്ങൾ നല്കിക്കൊണ്ട് പൊതു വിപണിയിലെ വില വർദ്ധനവ് പിടിച്ചു നിറുത്തുവാൻ സാധിക്കില്ല. അതിനുപകരം ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി പൊതു വിപണി വിലയേക്കാൾ 25% മുതൽ 35% വരെ കുറവിൽ സബ്സിഡി വില്പ്പന വില നിശ്ചയിച്ച് കൂടുതൽ ജനങ്ങളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിലൂടെ എത്തിക്കുവാൻ സാധിച്ചാൽ സാധാരണക്കാരായ

| | | | |
|---|---|---|---|
| | | | ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾക്ക് പൊതുവിപണിയെ ആശ്രയിക്കുന്നത് കുറയ്ക്കുവാനും ആവശ്യകത കുറയുന്നതോടെ ക്രമാതീതമായ വില വർദ്ധനവ് തടയുവാനും സാധിക്കുന്നതാണ്. |
| (ഡി) | അതിരൂക്ഷമായ വിലക്കയറ്റം മൂലം ജനങ്ങൾ പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യത്തിൽ, സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ച നടപടി അടിയന്തരമായി പിൻവലിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | വിപണിയിലെ വില കുറയുന്ന സാഹചര്യത്തിൽ വാങ്ങൽ വിലയും വിപണിയിലെ ചാഞ്ചാട്ടങ്ങളും വിശകലനംചെയ്ത് ആവശ്യമെങ്കിൽ സബ്സിഡി വില്പനവിലകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ മാസം ചെറു പയർ, മുളക് എന്നീ രണ്ട് ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

13 ഇനം സബ് സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും

| ക്രമ നം. | ഇനം | 16-2-2024 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സബ് സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | നിലവിലെ സബ് സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|---|
| 1 | ചെറുപയർ (1 കി. ഗ്രാം) | 92 | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ (1 കി. ഗ്രാം) | 95 | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല (1 കി. ഗ്രാം) | 69 | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 75 | 75 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 111 | 115 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം) | 82 | 73 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം) | 39 | 39 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 27 | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | 55 | 55 | ½ ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 29 | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 30 | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 30 | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 26 | 26 | |

നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.